# കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് എറണാകുളം

എഫ്1 -18897/2014 തീയതി- 12 .03. 2021

**സർക്കുലർ നമ്പർ- 46 /2020-21 തീയതി-12/03/2021**

വിഷയം- കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന്റെ വിവിധ ഓഫീസുകളിൽ ദിവസ വേതന നിരക്കിൽ ജോലി ചെയ്യുന്ന ഫുൾടൈം ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ച് നൽകുന്നത് സംബന്ധിച്ച്.

സൂചന- 1) 11/02/2021 ലെ സ.ഉ.(പി) 29/2021/ധന നമ്പർ സർക്കാർ ഉത്തരവ്.

2) ചീഫ് എക്സിക്യൂട്ടീവിന്റെ 08/03/2021 തീയതിലെ എഫ് 1-18897/14 നമ്പർ ഉത്തരവ്.

3) 24/02/2021 തീയതിയിലെ 51-മത് ബോർഡ് യോഗ തീരുമാന നമ്പർ-13

സൂചന (1) സർക്കാർ ഉത്തരവ് പ്രകാരം ദിവസ വേതന നിരക്കിൽ വിവിധ കാറ്റഗറികളിൽ ജോലി ചെയ്യുന്ന ഫുൾടൈം ജീവനക്കാരുടെ വേതനം 01.02.2021 മുതൽ പ്രാബല്യത്തോടെ വർദ്ധിപ്പിച്ചത് കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിലെ വിവിധ ഓഫീസുകളിൽ ക്ലാർക്ക്, ടൈപ്പിസ്റ്റ്, ഡ്രൈവർ, ക്ലാസ്സ് IV എന്നീ കാറ്റഗറിയിൽ ദിവസ വേതന നിരക്കിൽ ജോലി ചെയ്യുന്ന എല്ലാ ഫുൾടൈം ജീവനക്കാർക്കും കേരള ചുമട്ടുതൊഴിലാളി ചട്ടം 15 (സി) പ്രകാരം ചീഫ് എക്സിക്യൂട്ടീവിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച്, 24/02/2021 തീയതിയിലെ 51-മത് ബോർഡ് യോഗ തീരുമാന നമ്പർ-13 ന്റെ അടിസ്ഥാനത്തിൽ 01.02.2021 മുതൽ പുതുക്കിയ ദിവസവേതനം അനുവദിച്ച കൊണ്ട് സൂചന (2) പ്രകാരം ചീഫ് എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

| ഇനം | കാറ്റഗറി | നിലവിലുള്ള നിരക്ക് | പുതുക്കിയ നിരക്ക് |
|---|---|---|---|
| 1 | ക്ലാർക്ക് | 740/- രൂപ | 755/- രൂപ (പരമാവധി പ്രതിമാസം 20,385/- രൂപ) |
| 2 | ടൈപ്പിസ്റ്റ് | 740/- രൂപ | 755/- രൂപ (പരമാവധി പ്രതിമാസം 20,385/- രൂപ) |
| 3 | ഡ്രൈവർ | 715/- രൂപ | 730/- രൂപ (പരമാവധി പ്രതിമാസം 19710/- രൂപ) |
| 4 | ക്ലാസ്സ് IV ജീവനക്കാർ | 660/- രൂപ | 675/- രൂപ (പരമാവധി പ്രതിമാസം 18,225/- രൂപ) |

കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന്റെ ആസ്ഥാന ഓഫീസ്, വിവിധ ജില്ലാ കമ്മിറ്റികൾ, ഉപകാര്യാലയങ്ങൾ എന്നിവിടങ്ങളിലെ എല്ലാ ശമ്പള വിതരണ ഉദ്യോഗസ്ഥന്മാരും തനത് ഫണ്ടിന്റെ ലഭ്യതയ്ക്കും സൂചന (1) പ്രകാരമുള്ള നിബന്ധനകൾക്കും വിധേയമായി വർദ്ധിപ്പിച്ച വേതനം നൽകുന്നതിന് ആവശ്യമായ തുടർ നടപടികൾ അടിയന്തിരമായി കൈക്കൊള്ളേണ്ടതാണ്. ഈ സർക്കുലർ എല്ലാ സബ് ഓഫീസുകളിലും അതാത് ജില്ലാ കമ്മിറ്റികൾ വിതരണം ചെയ്യേണ്ടതും ഇതിന് മറുകുറി അയക്കേണ്ടതുമാണ്.

(ഒപ്പ്)
ചീഫ് എക്സിക്യൂട്ടീവ്
(ഇൻ ചാർജ്ജ്)

<u>സ്വീകർത്താവ്</u>

<u>എല്ലാ ജില്ലാ കമ്മിറ്റി ചെയർമാന്മാർക്കും / പോർട്ട് ട്രസ്റ്റ് ഏരിയ കമ്മിറ്റി ചെയർമാനും</u>
(കമ്മിറ്റി ചെയർമാൻ, കമ്മിറ്റിയ്ക്കു കീഴിലുള്ള എല്ലാ ഉപകാര്യാലയങ്ങൾക്കും ഈ വിഷയത്തിൽ ആവശ്യമായ തുടർ നടപടികൾക്കായി അടിയന്തിര നിർദ്ദേശം നൽകേണ്ടതാണ്.

<u>പകർപ്പ്</u>

ഫൈനാൻസ് ഓഫീസർ
അക്കൗണ്ട്സ് ഓഫീസർ(ഡബ്ല്യു & ഇ),(പി&എ), (ഐ.എ)
ജൂനിയർ സൂപ്രണ്ട് (എല്ലാ സെക്ഷനുകളിലും)
ബിൽ/എസ്.എഫ്/സ്പെയർ

//ഉത്തരവിൻ പ്രകാരം//

ജൂനിയർ സൂപ്രണ്ട്

**കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, എറണാകുളം**

**ചീഫ് എക്സിക്യൂട്ടീവിന്റെ (ഇൻ ചാർജ്ജ്) നടപടിക്രമങ്ങൾ**

**(ഹാജർ- ശ്രീ.ഷെല്ലി പോൾ കാട്ടുക്കാരൻ.)**

എഫ്1 -18897/2014 തീയതി-08/03/2021

വിഷയം- കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന്റെ വിവിധ ഓഫീസുകളിൽ ദിവസ വേതന നിരക്കിൽ ജോലി ചെയ്യുന്ന ഫുൾടൈം ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ച് നൽകുന്നത് സംബന്ധിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന- 1) ധന കാര്യ (വ്യയം –സി ) വകുപ്പിൽ നിന്നുള്ള 11/02/2021 ലെ ***G.O.(P) NO.29/2021/FIN*** നമ്പർ സർക്കാർ ഉത്തരവ്.

2) 24/02/2021 തീയതിയിലെ 51-മത് ബോർഡ് യോഗ തീരുമാന നമ്പർ-13

**ഉത്തരവ് നമ്പർ F1-18897/2014 തീയതി 08/03/2021**

സൂചന സർക്കാർ ഉത്തരവ് പ്രകാരം ദിവസ വേതന നിരക്കിൽ വിവിധ കാറ്റഗറികളിൽ ജോലി ചെയ്യുന്ന ഫുൾടൈം ജീവനക്കാരുടെ വേതനം 01.02.2021 മുതൽ പ്രാബല്യത്തോടെ വർദ്ധിപ്പിച്ചിട്ടുള്ളതാണ്. ആയത് കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിലെ വിവിധ ഓഫീസുകളിൽ ദിവസ വേതന നിരക്കിൽ ജോലി ചെയ്യുന്ന എല്ലാ ഫുൾടൈം ജീവനക്കാർക്കും ബാധകമാക്കുന്ന വിഷയം മേൽ സൂചന (2) ബോർഡ് യോഗം തീരുമാനം നമ്പർ 13 ആയി അംഗീകരിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ , കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിലെ വിവിധ ഓഫീസുകളിൽ ക്ലാർക്ക്, ടൈപ്പിസ്റ്റ്, ഡ്രൈവർ, ക്ലാസ്സ് IV എന്നീ കാറ്റഗറിയിൽ ദിവസ വേതന നിരക്കിൽ ജോലി ചെയ്യുന്ന എല്ലാ ഫുൾടൈം ജീവനക്കാർക്കും കേരള ചുമട്ടുതൊഴിലാളി ചട്ടം 15 (സി) പ്രകാരം ചീഫ് എക്സിക്യൂട്ടീവിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് 01.02.2021 മുതൽ പുതുക്കിയ ദിവസവേതനം അനുവദിച്ചു കൊണ്ട് താഴെ പറയുന്ന അനുമതി ഉത്തരവ് പുറപ്പെടുവിച്ചു കൊള്ളുന്നു.

സൂചന സർക്കാർ ഉത്തരവ് പ്രകാരം ദിവസ വേതന നിരക്കിൽ ജോലി ചെയ്യുന്ന ഫുൾടൈം ജീവനക്കാർക്ക് സർക്കാർ നടപ്പിലാക്കിയ വേതന വർദ്ധനവ് ടി ഉത്തരവുകളുടെ എല്ലാ വ്യവസ്ഥകളും പാലിച്ച് കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന്റെ ആസ്ഥാന ഓഫീസിലും അതിനു കീഴിലുള്ള വിവിധ ജില്ലാ കമ്മിറ്റികളിലും ഉപകാര്യാലയങ്ങളിലും താഴെ കൊടുത്തിട്ടുള്ള സമാന തസ്തികകളിൽ ദിവസ വേതന നിരക്കിൽ ജോലി ചെയ്യുന്ന ഫുൾടൈം ജീവനക്കാർക്ക് 01.02.2021 മുതൽ പ്രാബല്യത്തോടെ യഥാവിധി ബാധകമാക്കി ഇതിനാൽ ഉത്തരവാകുന്നു.

ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ഡ്രൈവർമാർക്ക് മാസത്തിലെ എല്ലാ ദിവസവും (അവധി ദിവസം ഉൾപ്പെടെ) ഓഫീസ് തലവന്റെ നിർദ്ദേശാനുസരണം ഔദ്യോഗിക

കൃത്യ നിർവ്വഹണം വഹിക്കേണ്ടി വരുകയാണെങ്കിൽ, ആ ദിവസങ്ങളിലെ അധിക ദിവസ വേതനത്തിന് ഓഫീസ് മേധാവിയുടെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ മാത്രം അർഹതയുണ്ടായിരിക്കും. കൂടാതെ അതിന്റെ പൂർണ്ണ ഉത്തരവാദി ഓഫീസ് മേധാവിയായിരിക്കുന്നതുമാണ്. കരാർ അടിസ്ഥാനത്തിലുള്ള നിയമനം സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി മാത്രമേ നടത്തുവാൻ പാടുള്ളൂ. ഇപ്രകാരമുള്ള കരാർ നിയമനം ഒരു വർഷത്തേയ്ക്ക് മാത്രം പരിമിതപ്പെടുത്തേണ്ടതും വകുപ്പ് മേധാവിക്ക് ബോധ്യപ്പെടുന്ന പക്ഷം ഒരു വർഷത്തേയ്ക്ക് കൂടി സേവനം ദീർഘിപ്പിച്ച് നൽകുന്നതിനും രണ്ട് വർഷ കാലാവധിക്ക് ശേഷം ആവശ്യകതയുടെ അടിസ്ഥാനത്തിൽ സർക്കാർ അനുമതിയോടുകൂടി മാത്രം ടി കരാർ പുതുക്കേണ്ടതാണ്.

| ഇനം | കാറ്റഗറി | നിലവിലുള്ള നിരക്ക് | പുതുക്കിയ നിരക്ക് |
|---|---|---|---|
| 1 | ക്ലാർക്ക് | 740/- രൂപ | 755/- രൂപ<br>(പരമാവധി പ്രതിമാസം 20,385/- രൂപ) |
| 2 | ടൈപ്പിസ്റ്റ് | 740/- രൂപ | 755/- രൂപ<br>(പരമാവധി പ്രതിമാസം 20,385/- രൂപ) |
| 3 | ഡ്രൈവർ | 715/- രൂപ | 730/- രൂപ<br>(പരമാവധി പ്രതിമാസം 19710/- രൂപ) |
| 4 | ക്ലാസ്സ് I V ജീവനക്കാർ | 660/- രൂപ | 675/- രൂപ<br>(പരമാവധി പ്രതിമാസം 18,225/- രൂപ) |

(ഒപ്പ്)
ചീഫ് എക്സിക്യൂട്ടീവ്
(ഇൻ ചാർജ്ജ്)

പകർപ്പ്

ഫൈനാൻസ് ഓഫീസർ
അക്കൗണ്ട്സ് ഓഫീസർ(ഡബ്ലിയു & ഇ),(പി&എ), (ഐ.എ)
ജൂനിയർ സൂപ്രണ്ട് (എല്ലാ സെക്ഷനുകളിലും)
ബിൽ/എസ്.എഫ് സ്പെയർ

//ഉത്തരവിൻ പ്രകാരം//

Jayaprakash

ജൂനിയർ സൂപ്രണ്ട്